# ഭാഗം 2:
# നമുക്കുള്ള ദൈവത്തിന്റെ പശ്ചാത്തലം

**നമുക്കു അവനെ മനസ്സിലാക്കത്തക്കവണ്ണം ദൈവം ചെറുതാണെങ്കിൽ അവൻ നമുക്കു ആരാധിക്കത്തക്ക വലിപ്പം ഉള്ളവനല്ല.**

നാം "യാഥാർത്ഥ്യം" എന്നു വിളിക്കുന്ന ആ വലിയ ചിത്രം ചിന്തിച്ചു മനസ്സിലാക്കുകയാണെങ്കിൽ, ഇവയെല്ലാം എന്തുകൊണ്ട് എന്നു ചോദിക്കണം. ആദ്യ ഭാഗത്തിൽ വിട്ടതു മുതൽ നാം ആരംഭിക്കേണ്ടിയിരിക്കുന്നു. അവിടെ നാം കണ്ടതു, എല്ലായ്പ്പോഴും സന്നിഹിതനാകുന്ന, എല്ലാം - അറിയുന്ന, സർവ്വ - ശക്തനായ ദൈവത്തിന്റെ പ്രാധാന്യത്തെയാണ് ദൈവത്തിന്റെ സാരാംശമായ, ആത്മാവിലുള്ള അടിസ്ഥാന ഘടകങ്ങളാണ് ഇവ.

ദൈവസ്വഭാവത്തിൽ നിന്നുരുത്തിരിഞ്ഞു വരുന്ന ചില അനന്തര ഫലങ്ങളെക്കുറിച്ചു ചുരുക്കമായിട്ടേ നാം സംസാരിക്കാറുള്ളു. ഇപ്പോൾ നമുക്കു ആ വിഷയം എടുത്തു അതിനെ മുഴുവനായും വികസിപ്പിക്കാം. ഇതു ചെയ്യേണ്ടതാണ്; അല്ലെങ്കിൽ, നാം ദൈവത്തെ ഉപകാര പ്രദാനം, സർവ്വ - ബുദ്ധിയുള്ള ദൈവം ഈ പ്രശ്നം അറിയുകയും, നമ്മെ ശോഭിപ്പിക്കുവാൻ, പ്രത്യേക രീതിയിൽ അവൻ പ്രവർത്തിക്കും എന്നു വിചാരിക്കും. അവൻ എടുത്ത നടപടി ഈ ഭാഗത്തിലെ നമ്മുടെ വിഷയമായ, "നമുക്കുള്ള ദൈവത്തിന്റെ പശ്ചാത്തലം" എന്നതിൽ വലയം ചെയ്തിരിക്കുന്നു.

നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ പശ്ചാത്തലത്തെ നാം സംസാരിക്കുമ്പോൾ അവൻ എങ്ങനെ ഉണ്ടായി എന്നതിൽ നാം വിഷമിക്കുകയല്ല. അവന്റെ അസ്തിത്വം നല്കപ്പെട്ടിരിക്കുന്നു. മറിച്ചു, *നാം അടക്കം എല്ലാം എങ്ങനെ എന്തുകൊണ്ട് ഉണ്ടായി എന്നതിലാണ് നാം പോരാട്ടത്തിലായിരിക്കുന്നത്. എന്തുകൊണ്ടു നാം ഇങ്ങനെ ആയി? എന്തുകൊണ്ട് ഈ ലോകം ഇങ്ങനെ ആയി?*

ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ നമ്മെ എങ്ങനെ

സഹായിക്കും? ഇന്നേക്ക് അപ്പുറം നാം ആകുലരായിരിക്കുന്നതു എന്തു കൊണ്ട്? ഇവയിൽ എല്ലാം ദൈവത്തിന്റെ "താല്പര്യം" എന്താണ്? നമുക്കു മുമ്പിലുള്ള വെല്ലുവിളി നമ്മെ കീഴ്പ്പെടുത്തുന്നതാണ്. എങ്ങനെയായാലും, അത്തരം കാര്യങ്ങളെക്കുറിച്ചു നാം ചിന്തിക്കുന്നില്ലെങ്കിൽ, സമ്മിശ്ര വികാരമുള്ള ജീവിതത്തിൽ അപായം നീക്കി വെക്കുകയും – എങ്ങോട്ടു പോകണം, എല്ലാം എവിടെ "ചെന്നെത്തും" എന്ന് നിശ്ചയമില്ലാതെയാകും.

> ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴായും ശൂന്യമായും ഇരുന്നു, ... ദൈവത്തിന്റെ ആത്മാവു വെള്ളത്തിന്മീതെ പരിവർത്തിച്ചു കൊണ്ടിരുന്നു (ഉല്പത്തി 1:1, 2).

> ദൈവം, പണ്ടു പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു ... ഈ അന്ത്യകാലത്തു പുത്രൻ, മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു. അവനെ താൻ സകലത്തിനും അവകാശിയാക്കിവെച്ചു, അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി (എബ്രായർ 1:1, 2).

> ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടു കൂടെയായിരുന്നു, വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു സകലവും അവൻ മുഖാന്തരം ഉളവായി. ഉളവായതു ഒന്നും അവനെ കൂടാതെ ഉണ്ടായതല്ല, ... അവനിൽ ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു (യോഹന്നാൻ 1:1–4).

© 2009 Truth for Today